പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.376 27.09.2016-ൽ മറുപടിയ്ക്ക്

## സ്പോർട്സ് വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | സ്പോർട്സ് വികസനം ലക്ഷ്യം വെച്ച് കായികതാരങ്ങളുടെ പരിശീലനത്തിന് ആവിഷ്ക്കരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (എ) | സംസ്ഥാനത്തെ സ്പോർട്സ് വികസനം ലക്ഷ്യംവെച്ച് കായികതാരങ്ങളുടെ പരിശീലനത്തിനായി നിലവിലുള്ള അടിസ്ഥാന സൗകര്യപരിപാലനത്തിനു പുറമെ എല്ലാ ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. കൂടാതെ ജി.വി.രാജാ, കണ്ണൂർ സ്പോർട്സ് സ്കൂൾ, അയ്യങ്കാളി സ്പോർട്സ് സ്കൂൾ എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനം ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. മേൽ പദ്ധതി നടത്തിപ്പിലേയ്ക്കായി ആവശ്യമായ തുക പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ആലപ്പുഴ ഇൻഡോർ സ്റ്റേഡിയത്തോട് അനുബന്ധിച്ച് വോളീബോൾ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിക്കുന്നുണ്ട്. |

Mary M

സെക്ഷൻ ഓഫീസർ